(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) നാദാപുരത്തുണ്ടായ അക്രമസംഭവങ്ങളിൽ നാശനഷ്ടം സംഭവിച്ച 188 പേർക്ക് 38,05,467 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ഓരോരുത്തർക്കും നൽകിയ തുക സംബന്ധിച്ച വിശദ വിവരം അനുബന്ധമായി വച്ചിട്ടുണ്ട്.†

മന്ത്രിമാരുടെ സൽക്കാര ചെലവ്

56 (990) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഒരോ മന്ത്രിയും സൽക്കാരച്ചെലവിനത്തിൽ എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഈ കാലയളവിൽ മന്ത്രിസഭായോഗങ്ങളിൽ ഭക്ഷണം നൽകിയ വകയിൽ എന്തുതുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 88,576 രൂപ

കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ ഓഹരി

57 (991) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയിൽ 51 ശതമാനം ഓഹരി സർക്കാർ നിലനിർത്തുന്നതിനു തീരുമാനമെടുത്തോ ; അപ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നൽകേണ്ട 72 കോടി രൂപ സർക്കാർ കമ്പനിക്ക് എന്ന് നൽകും എന്ന് വെളിപ്പെടുത്തുമോ ;

(ബി) 51 ശതമാനം ഓഹരി പങ്കാളിത്തം നിലനിർത്താൻ നൽകേണ്ട 72 കോടി രൂപ കമ്പനിയിൽ നിക്ഷേപിക്കാതെ കൂടുതൽ സർക്കാർ പ്രതിനിധികളെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് ആർട്ടിക്കിൾസോ റൂളോ അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 51 ശതമാനം ഓഹരി നിലനിറുത്താൻ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ കമ്പനിക്ക് നൽകേണ്ട തുക കൊടുക്കുവാനുള്ള സമയപരിധി തീരുമാനിച്ചിട്ടില്ല.

† അനുബന്ധം - XVI

LIBRARY ARCHIVES Kerala Legislative Assembly

(ബി) കമ്പനി നിയമം അനുസരിച്ചുള്ള നടപടിക്രമത്തിന്റെ ഭാഗമായാണ് ഡയറക്ടർ ബോർഡംഗങ്ങളെ നിയമിക്കുന്നത്. ഡയറക്ടർ ബോർഡംഗങ്ങളെ നിയമിക്കുന്നതും സർക്കാർ രൂപ നൽകാനുള്ളതും തമ്മിൽ യാതൊരു ബന്ധവും ഇല്ല.

(സി) കമ്പനിയിൽ ഡയറക്ടർമാരെ നിയമിക്കുന്നത് ആർട്ടിക്കിൾ ഓഫ് അസോസിയേഷന്റെ 95(1) 114-ഉം കമ്പനീസ് ആക്ട് 1956-ലെ 257-ഉം വകുപ്പ് അനുസരിച്ചാണ്.

അന്തർസംസ്ഥാന നദീജല തർക്കങ്ങൾ

58 (992) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളവും മറ്റ് ഏതെല്ലാം സംസ്ഥാനങ്ങളുമായിട്ടാണ് അന്തർസംസ്ഥാന നദീജല തർക്കങ്ങൾ നിലവിലുള്ളത് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കാവേരി നദീജലത്തർക്കത്തിൽ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ;

(സി) നെയ്യാർ ഡാമിലെയും മൂലത്തറ ഡാമിലെയും നദീജലം തമിഴ്നാടുമായി പങ്കുവയ്ക്കുന്നത് ഏത് കരാറിന്റെ അടിസ്ഥാനത്തിലാണ് ;

(ഡി) അന്തർസംസ്ഥാന നദീജലത്തർക്കത്തെ തുടർന്നാണോ അട്ടപ്പാടി ഡാമിന്റെ നിർമ്മാണം നിർത്തിവച്ചതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കേരളം, തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളും യൂണിയൻ ഭരണപ്രദേശമായ പോണ്ടിച്ചേരിയും ഉൾപ്പെട്ട കാവേരി നദീ ജലത്തർക്കം നിലവിലുണ്ട്. ഈ തർക്ക പരിഹാരത്തിനായി 1990-ൽ കേന്ദ്രസർക്കാർ രൂപം നൽകിയ കാവേരി നദീജലത്തർക്ക ട്രൈബ്യൂണലിൽ മേൽപ്പറഞ്ഞ സംസ്ഥാനങ്ങൾ കക്ഷികളാണ്.

(ബി) കാവേരി നദീജലത്തർക്ക ട്രൈബ്യൂണലിന്റെ മുൻപാകെയുള്ള കേസിന്റെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി ചീഫ് എൻജിനീയർ ശ്രീ. ടി. കെ. ശശി, കൺവീനറായി ഒരു കാവേരി സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഓരോ ആഫീസ് തിരുവനന്തപുരത്തും ഡൽഹിയിലും പ്രവർത്തിച്ചു വരുന്നു. ട്രൈബ്യൂണൽ മുൻപാകെയുള്ള കേസ് കൈകാര്യം ചെയ്യുന്നതിനായി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ഡോ. രാജീവ് ധവാനെ സീനിയർ കൗൺസിലായും ശ്രീ. ദയാൻ കൃഷ്ണനെ ജൂനിയർ കൗൺസിലായും

LIBRARY ARCHIVES Kerala Legislative Assembly